**20U353S** (Pages: 2) Name: …………………….

Reg. No: ………………….

**THIRD SEMESTER B.A. DEGREE EXAMINATION, NOVEMBER 2021**

(CUCBCSS-UG)

**CC15U MAL3 B03 – മലയാളകവിത ഉത്തരാഘട്ടം**

(Malayalam – Core Course)

(2015 to 2018 Admissions – Supplementary/Improvement)

Time: Three Hours Maximum: 80 Marks

**I. ഒറ്റവാക്കിൽ ഉത്തരമെഴുതുക.**

1. ഒരു വിത്തുമനസ്സിലന്നു ഞാ-
നറിയാതമ്മേനമിച്ചു നട്ടതാം. ഇവിടെ വിത്ത്എന്തിനെ
കുറിക്കുന്നു?
2. അശോകം നടണമെന്ന് കവി പറയുന്നത് ആർക്കു
വേണ്ടിയാണ്?
3. പുരാണത്തിലെഏത്കഥയാണ്ഉർവ്വശീ നൃത്തം എന്ന
കവിതയ്ക്കാധാരം?
4. ഇതിഹാസ ഗഹനതയറിയുന്ന തത്തകൾ - ഏത്
ഇതിഹാസത്തെക്കുറിച്ചാണ്
ഇവിടെ പരാമർശിക്കുന്നത്**?**
5. ആയിരം നാവുള്ള മൗനം എന്ന സമാഹാരത്തിന്റെ
അവതാരിക ആരുടേത്?
6. "എവിടെയൊരു യുദ്ധമു-
ണ്ടവിടെയൊരു ക്ഷാമമു
ണ്ടെന്നു കേട്ടീടിലും ... "ഏതു കവിതയിലെ വരികൾ?
7. സംക്രമണം എന്ന കവിതയുടെ കർത്താവ്?
8. അപ്പൂപ്പൻ കവിക്ക് ഓഹരിയായി കൊടുത്തതെന്താണ്?
9. കഥനം എന്ന പദത്തിന്റെ അർത്ഥം**?**
10. അപ്പൂപ്പൻ താടിയുടെ സ്മാരകമായി കവി പറയുന്നതെന്താണ്?

**(10 × ½ = 5 Marks)**

**II. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക.**

11. എന്നും ഡയറക്ടറല്ലാരു മാകയാൽ -
പൊന്നുമോൻ സ്കൂളിൽ തിരിച്ചു പോയീടുക - സന്ദർഭം **?**

12. പെണ്ണുങ്ങൾ കാലു വയ്ക്കാത്ത പാതിരാകുന്നിൽ എന്തെല്ലാം കാണാമെന്നാണ്
കവിയുടെ അഭിപ്രായം?
13. അപ്പൂപ്പൻ താടിയുടെ ധീരവും എളിയവുമായ ശ്രമം എന്താണ്?
14. ഉർവ്വശിക്ക് ശാപം ഉപകാരമാകുന്നതെങ്ങനെ?
15. വെട്ടേറ്റു വാടുന്ന നീതിയുടെ വൃക്ഷത്തോട് കവി എന്താണ് അഭ്യർത്ഥിക്കുന്നത്?

**(5 × 2 = 10 Marks)**

**III. അഞ്ചു ചോദ്യത്തിന് ഖണ്ഡികയിൽ ഉത്തരമെഴുതുക.**

16. **കോഴി എന്ന കവിതയുടെ പ്രസക്തി വിവരിക്കുക?**
17. " ആവർത്തനങ്ങളാൽ പാകം തികഞ്ഞൊരീ -
യാത്മചൈതന്യം തുടരെത്തുടിക്കുമോ? കവി ഇങ്ങനെ ചിന്തിക്കാൻ കാരണമെന്ത്?
18. തന്റെ കൗമാരത്തെ കവി അവതരിപ്പിക്കുന്നതെങ്ങനെ?
19. പ്രണയത്തിന്റെ പാസഞ്ചർ യാത്രയ്ക്കൊടുവിൽ കണ്ടുമുട്ടുന്ന ജീവിത യാഥാർത്ഥ്യത്തെ കവി എങ്ങനെ വിശദീകരിക്കുന്നു?
20. "അനിവാര്യമൊരന്ത്യരംഗമു_
ണ്ടതു വേഗം കഴിയുന്നതുത്തമം സന്ദർഭം, ആശയം വിശദീകരിക്കുക?
21. "നീ കേൾപ്പതില്ലല്ലോ
നിൻ പദധ്വനി പോലും "സന്ദർഭവും ആശയവും വ്യക്തമാക്കുക?
22. അപ്പൂപ്പൻ താടിയെ മനുഷ്യജീവിതവുമായി കവി താരതമ്യപ്പെടുത്തുന്നതെങ്ങനെ?

**(5 × 5 = 25 Marks)**

**IV. ഏതെങ്കിലും നാലുചോദ്യത്തിന് ഉപന്യാസ രൂപത്തിൽ ഉത്തരമെഴുതുക.**

23. പൗരാണികതയുടേയും ആധുനികതയുടേയും സമന്വയം മൃത്യു പൂജ എന്ന കവിതയെ അടിസ്ഥാനമാക്കി വിവരിക്കുക?
24. മാനസാന്തരം എന്ന കവിത ആത്മപരിശോധനയ്ക്കും ആത്മശുദ്ധീകരണത്തിനും ഇട നൽകുന്നതാണ് വിശദീകരിക്കുക?

25. അധ്വാനിക്കുന്നവന്റെ വിലാപമാണ് കാളകൾ - സമർത്ഥിക്കുക
26. പ്രണയത്തിന്റെ പാസഞ്ചർ യാത്രയ്ക്കൊടുവിൽ കണ്ടുമുട്ടുന്ന ജീവിത യാഥാർത്ഥ്യത്തെ കവി എങ്ങനെ വിശദീകരിക്കുന്നു**?**പാസഞ്ചർ എന്ന കവിതയെ അടിസ്ഥാനമാക്കി വിവരിക്കുക.
27. ദിവ്യദുഃഖത്തിന്റെ നിഴലിൽ എന്ന കവിതയ്ക്കൊരാസ്വാദനം തയ്യാറാക്കുക?
28. സമകാലികകേരളത്തിൽ അവസരോചിതൻ എന്ന കവിതയ്ക്കുള്ള പ്രസക്തി വിവരിക്കുക?

**(4 × 10 = 40 Marks)**

*******